ഉത്തരം

(എ) 120 വനിതാ സി.പി.ഒ.-മാരുടെയും 60 വനിതാ എസ്.ഐ.-മാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ വനിതകൾക്കെതിരെയുള്ള പരാതികളിന്മേൽ കാര്യക്ഷമമായ നടപടികൾ അതിവേഗം സ്വീകരിക്കുവാനുള്ള പരിശീലനങ്ങൾ നിലവിലുള്ള വനിതാ പോലീസുകാർക്ക് നൽകിയിട്ടുണ്ട്.

(ബി) പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം 10 ശതമാനമായി ഉയർത്തണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം.

(സി & ഡി) ഇതിനായി 120 വനിതാ സിവിൽ പോലീസ് ഓഫീസർമാരെയും 60 വനിതാ സബ് ഇൻസ്പെക്ടർമാരെയും നിയമിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

വനിതാ പോലീസ്

202 (6351) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതാ പോലീസ് സ്റ്റേഷനിൽ ആവശ്യത്തിന് വനിതാ പോലീസ് ഇല്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വനിതാ പോലീസ് സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്

(ബി) കണ്ണൂർ, മലപ്പുറം, തൃശ്ശൂർ റൂറൽ, കോട്ടയം, ആലപ്പുഴ, കൊല്ലം സിറ്റി എന്നീ ജില്ലകളിലായി ആറ് വനിതാ പോലീസ് സ്റ്റേഷനുകൾ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

വനിതാ പോലീസ് സ്റ്റേഷനുകളിലെ വനിതാ ഡ്രൈവർമാർ

203 (6352) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര വനിതാ പോലീസ് സ്റ്റേഷനുകളിൽ നാലുവീലുള്ള വാഹനങ്ങൾ ഉപയോഗത്തിലുണ്ട് ;

(ബി) വനിതാ പോലീസ് സ്റ്റേഷനുകളിലെ വാഹനങ്ങളിൽ വനിതാ ഡ്രൈവർമാരെ മാത്രം നിയോഗിക്കുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 4 വനിതാ പോലീസ് സ്റ്റേഷനുകളിൽ 4 വീലുള്ള വാഹനങ്ങൾ ഉപയോഗത്തിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly